I ഇ.ബി. XIV - കേരള നിയമസഭ/II-13

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 21, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I അടിയന്തരപ്രമേയം

വ്യാജ ലോട്ടറി

മി. സ്പീക്കർ: സംസ്ഥാനത്ത് പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ എഴുത്ത് ലോട്ടറി എന്നറിയപ്പെടുന്ന വ്യാജലോട്ടറി വൻ സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നതുമൂലം കേരള ലോട്ടറിയുടെ നിലനിൽപ്പിനെ ബാധിക്കുകയും സാധാരണക്കാർ ചൂതാട്ടത്തിന് സമാനമായ ഈ ലോട്ടറിയെടുത്ത് സാമ്പത്തികമായി

തകരുകയും കേരളത്തിലേയ്ക്ക് ഇതര സംസ്ഥാന ലോട്ടറി മാഫിയയ്ക്ക് കടന്നുവരാൻ അവസരമൊരുങ്ങുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വളരെ പ്രധാനപ്പെട്ട വിഷയമാണ് അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. കേരള ലോട്ടറിയിൽ അവസാനത്തെ നാലക്കത്തിൽ താഴെയുള്ളവയ്ക്ക് സമ്മാനം കൊടുക്കാറില്ല. എന്നാൽ വ്യാജ ലോട്ടറികൾക്ക് അവസാനത്തെ ഒന്നും രണ്ടും അക്കങ്ങൾക്കുവരെ സമ്മാനം നൽകുന്ന പ്രവണതയാണുള്ളത്. അന്യസംസ്ഥാന ലോട്ടറി നിരോധിച്ചതിനുശേഷം ഇത് മറ്റൊരു മാർഗ്ഗമായി കണ്ടിരിക്കുകയാണ്. കേസ്സുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് വ്യാജ ലോട്ടറി കൂടുതൽ വ്യാപിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം വ്യാജലോട്ടറി തടയുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൂടി നിരവധി തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്. വ്യാജ ലോട്ടറിയെ സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിന് ഒരു ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രതിപക്ഷം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഗൗരവമായി

കണക്കിലെടുത്ത് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. വി. ഡി. സതീശൻ: ഒറ്റ നമ്പർ ലോട്ടറിയെക്കുറിച്ചും ഓൺലൈൻ ലോട്ടറിയെക്കുറിച്ചും അന്വേഷിക്കാനാണ് ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുള്ളത്. വടക്കൻ മേഖലയിലെ ചില ജില്ലകളിൽ എഴുത്ത് ലോട്ടറിയെന്നറിയപ്പെടുന്ന മൂന്നക്ക നമ്പർ ലോട്ടറി അത്യാധുനിക സംവിധാനങ്ങളോടുകൂടി സംസ്ഥാന ലോട്ടറിക്ക് സമാന്തരമായി നിലവിൽ വന്നിരിക്കുകയാണ്. പ്രത്യേക സോഫ്റ്റ്‍വെയറും ബാങ്ക് അക്കൗണ്ടും മൊബൈൽ നമ്പരും ഏജന്റുമാരുമടങ്ങുന്ന വിപുലമായ സംവിധാനത്തോടെ പ്രവർത്തിക്കുന്ന എഴുത്ത് ലോട്ടറി സംസ്ഥാന ലോട്ടറിയുടെ നിലനിൽപ്പിനെ ബാധിക്കും. കേരള ലോട്ടറിയുടെ ഏജൻസികളിൽ ഇത്തരം ലോട്ടറികളാണ് കൂടുതലും വിൽപ്പന നടത്തുന്നത്. ലോട്ടറി രംഗത്തെ തലപ്പത്തുള്ളവർക്ക് ഇതിൽ പങ്കുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നഗരങ്ങളിൽ ലോട്ടറി കടകൾ കേന്ദ്രീകരിച്ചും ഗ്രാമങ്ങളിൽ ചെറുകിട ഏജന്റുമാർ വഴിയുമാണ് എഴുത്ത് ലോട്ടറി എന്നറിയപ്പെടുന്ന വ്യാജ ലോട്ടറി വിൽപ്പന നടത്തുന്നത്. കേരള ലോട്ടറിയുടെ നറുക്കെടുപ്പുഫലം ഔദ്യോഗിക വെബ്സൈറ്റിൽ വരുന്നതിന് മുമ്പുതന്നെ ഏജന്റുമാർക്ക് ലഭിക്കുന്നതിനാൽ ലോട്ടറി ഓഫീസിനെപ്പോലും സംശയിക്കേണ്ട സ്ഥിതിയാണുള്ളത്. സാന്റിയാഗോ മാർട്ടിന് ഇക്കാര്യങ്ങളിൽ പങ്കുണ്ടോയെന്ന്

പരിശോധിക്കണം. കേരള ലോട്ടറിയുടെ സമ്മാനഘടനയിൽ മാറ്റം വരുത്തുമെന്ന് പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവസാനത്തെ 4 അക്ക നമ്പരുകൾ വരുന്ന ടിക്കറ്റുകളുടെ സീരിയൽ നമ്പർ പത്ത് എണ്ണത്തിൽ കൂടാൻ പാടില്ലായെന്ന് നിയമമുള്ളപ്പോൾ 150 എണ്ണത്തിലധികം വിൽക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. കേരള സംസ്ഥാന ലോട്ടറി നറുക്കെടുപ്പ് രീതിയെ സംബന്ധിച്ച് നിലനിൽക്കുന്ന ആക്ഷേപത്തിന് പരിഹാരം കാണണം. വ്യാജ ലോട്ടറി വിൽപ്പനമൂലം കേരള സംസ്ഥാന ലോട്ടറിയുടെ വിൽപ്പനയിൽ കുറവ് വന്നിട്ടുണ്ട്. വ്യാജ ലോട്ടറി മാഫിയകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ലോട്ടറി നറുക്കെടുപ്പിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ വരുന്നതിനുമുമ്പുതന്നെ വ്യാജ ലോട്ടറി കേന്ദ്രങ്ങളിൽ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള ലോട്ടറിയുടെ നറുക്കെടുപ്പ് ലൈവ് ടെലികാസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വ്യാജ ലോട്ടറി കേസുകളിൽപ്പെടുന്ന കേരള ലോട്ടറി ഏജന്റുമാരുടെ ഏജൻസി സസ്പെന്റ് ചെയ്യുന്നതിനും ചെറുകിട ലോട്ടറി ഏജന്റുമാരുടെ സൗകര്യാർത്ഥം ലോട്ടറി ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള

ലോട്ടറിയുടെ സമ്മാന ഘടന കാലോചിതമായി പരിഷ്കരിക്കുന്നതാണ്. വ്യാജലോട്ടറിയെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇതര സംസ്ഥാന ലോട്ടറിയുടെ പേരിൽ മുമ്പ് നടന്ന വ്യാജ ലോട്ടറി വിൽപ്പനയ്ക്ക് സമാനമായ തട്ടിപ്പാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വടക്കൻ ജില്ലകളിൽ വ്യാപകമായിരിക്കുന്ന എഴുത്ത് ലോട്ടറി ഇപ്പോൾ തെക്കൻ ജില്ലകളിലേക്കും വ്യാപിച്ചുവരികയാണ്. പ്രത്യേക സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് തട്ടിപ്പ് നടത്തിവരുന്നത്. ലോട്ടറി ഏജന്റുമാരുടെ സംഘടനകൾ വ്യാജ ലോട്ടറിക്കെതിരെ ശക്തമായി മുന്നോട്ട് വന്നിട്ടുണ്ട്. സാന്റിയാഗോ മാർട്ടിനുമായി ബന്ധമുള്ളവരാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പാവപ്പെട്ട തൊഴിലാളികളും സാധാരണക്കാരുമാണ് എഴുത്ത് ലോട്ടറിയുടെ കുരുക്കിൽപ്പെട്ടിരിക്കുന്നത്. വ്യാജ ലോട്ടറി തടയുന്നതിന് ലോട്ടറി നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. വ്യാജ ലോട്ടറിക്ക്

പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള കർശന നടപടി സ്വീകരിക്കണം. ഈ വിഷയം ഗൗരവമായി പരിശോധിക്കുമെന്ന ഗവൺമെന്റ് നിലപാട് സ്വാഗതാർഹമാണ്. ആയതിനാൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല.

## II ക്രമപ്രശ്നം

സഭാസമ്മേളന വേളയിൽ മന്ത്രിമാർ പൊതുപരിപാടികളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സഭാസമ്മേളന വേളയിൽ അംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ പൊതുപരിപാടികളിൽ മന്ത്രിമാർ പങ്കെടുക്കുന്നത് അംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ശ്രീ. എൻ. എ. നെല്ലിക്കുന്നിന് അവസരം നൽകണം. ശ്രീ. പി. ടി. തോമസും ശ്രീ. എൽദോസ് കുന്നപ്പിള്ളിയും സമാന സ്വഭാവമുള്ള വിഷയത്തിന്മേൽ കത്ത് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ കത്തിന്മേൽ ബന്ധപ്പെട്ട മന്ത്രിയോട് വിശദീകരണം തേടിയിട്ടുണ്ട്. അത് ലഭിച്ചശേഷം റൂളിംഗ് നൽകുന്നതാണ്.

## III ശ്രദ്ധക്ഷണിക്കൽ

### (1) ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥ

ശ്രീ. ജോൺ ഫെർണാണ്ടസ്: സാമുദായികമായും ഭാഷാപരമായും സൂക്ഷ്മ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ വംശജർ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. കേരളത്തിൽ ഇവരുടെ അംഗസംഖ്യ കുറഞ്ഞുവരികയാണ്. ഇവരുടെ ഭാഷയും സംസ്കാരവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസപരവും ഉദ്യോഗസംബന്ധവുമായ ആനുകൂല്യങ്ങൾക്ക് ആംഗ്ലോ ഇന്ത്യൻ സമൂഹത്തെ ഭരണഘടനാ പ്രകാരം പിന്നോക്ക സമൂഹമായി ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിലെല്ലാം ഇവർ പിന്തള്ളപ്പെടുകയാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും മെഡിക്കൽ പി.ജി കോഴ്സുകൾക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് സംവരണം അനുവദിക്കണം. ആംഗ്ലോ ഇന്ത്യൻ മാനേജ്മെന്റുകൾ നടത്തുന്ന ഹൈസ്കൂളുകൾ ഹയർ സെക്കൻഡറി സ്കൂളായും പടിയൂരും എളംകുന്നപ്പുഴയിലും പ്രവർത്തിക്കുന്ന ആംഗ്ലോ ഇന്ത്യൻ യു. പി. സ്കൂളുകൾ ഹൈസ്കൂളുകളായും ഉയർത്തണം. ഫോർട്ട് കൊച്ചിയിലെ സെന്റ് മേരീസ് സ്കൂളിലും ദൊറോത്തി സ്കൂളിലും ഹയർ സെക്കൻഡറി അനുവദിക്കണം. സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന ഈ വിഭാഗത്തിലെ കുട്ടികൾക്ക് എല്ലാ മാസവും ലംപ്സം

ഗ്രാന്റ് അനുവദിക്കുന്നതിനും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിന് ഒരു കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനും ഭവനരഹിതർക്ക് വീട് നൽകുന്നതിനും പ്രത്യേക എയ്ഡഡ് കോളേജ് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. ആംഗ്ലോ ഇന്ത്യൻ വിദ്യാലയങ്ങളിൽ മാതൃഭാഷയായി ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഗവൺമെന്റ് ഉത്തരവിറക്കണം. ഈ സമൂഹത്തിലെ അർഹതപ്പെട്ടവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സർക്കാർ ജോലി ലഭിക്കുന്നതിന് നടപടിയുണ്ടാകണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിവിധ മേഖലകളിൽ ആംഗ്ലോ ഇന്ത്യൻ വിഭാഗം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വിദ്യാഭ്യാസപരവും ഉദ്യോഗസംബന്ധവുമായ ആനുകൂല്യങ്ങൾക്ക് പിന്നോക്ക സമുദായമെന്ന പരിഗണനയാണ് ഈ വിഭാഗത്തിന് നിലവിലുള്ളത്. കേരള സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻവഴി തൊഴിൽ സംബന്ധമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സ്വയംതൊഴിൽ, വിദ്യാഭ്യാസം, മൈക്രോ ഫിനാൻസ്, വിവാഹ ധനസഹായം, വായ്പാ പദ്ധതികൾ തുടങ്ങിയവയ്ക്ക് 400 കോടിയോളം രൂപ വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ട്. അതിന്റെ ആനുകൂല്യം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനും ലഭിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പ്

നടപ്പിലാക്കുന്ന പദ്ധതികളിൽ ഇതര പിന്നോക്ക വിഭാഗങ്ങളോടൊപ്പം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനും ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഇവർക്ക് ഒരു ശതമാനം സംവരണവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾക്ക് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനും ലാറ്റിൻ കാത്തലിക് വിഭാഗത്തിനുമായി നാല് ശതമാനം സംവരണവും നിലവിലുണ്ട്. ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ സാംസ്കാരിക തനിമ സംരക്ഷിച്ച് നിലനിർത്തുന്നതിനും വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിക്കുന്നതാണ്. ലംപ്സം ഗ്രാന്റിനെ സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനമെടുക്കുന്നതാണ്.

(2) കുടിവെള്ള ദൗർലഭ്യം

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സംസ്ഥാനത്ത് മഴയുടെ അളവ് ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2020 ആകുന്നതോടുകൂടി സംസ്ഥാനത്ത് വലിയ കുടിവെള്ളക്ഷാമം നേരിടുമെന്നാണ് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പഠനകേന്ദ്രത്തിന്റെ വെളിപ്പെടുത്തൽ. നദികളിലും മറ്റും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തണം. ഭൂതത്താൻകെട്ടിൽ നിന്നും പെരിയാർവാലി ഇറിഗേഷൻ കനാൽവഴി വെള്ളം

ലഭ്യമാക്കി പെരുമ്പാവൂരിലും സമീപപ്രദേശങ്ങളിലും നേരിട്ടിരിക്കുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇപ്പോൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമവും ഭാവിയിൽ ഉണ്ടാകാനിടയുള്ള വരൾച്ചയും നേരിടുന്നതിന് സർക്കാർ അടിയന്തര ഇടപെടൽ നടത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ആഗോളതാപനംമൂലം ഉണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം രൂക്ഷമായ ജലക്ഷാമത്തിന് ഇടയാകുന്നുണ്ട്. തെക്കുപടിഞ്ഞാറൻ മൺസൂണിലെയും വടക്കുകിഴക്കൻ മൺസൂണിലെയും മഴയുടെ അളവിൽ ഗണ്യമായി കുറവുണ്ടായിരിക്കുകയാണ്. ഇക്കാരണങ്ങളാൽ ജലസംഭരണികളിലെ ജലത്തിന്റെ അളവിലും കുറവുണ്ടായിട്ടുണ്ട്. വരാൻ പോകുന്ന വരൾച്ച നേരിടുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടന്ന യോഗത്തിൽ ശ്രദ്ധേയമായ പല തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. അണക്കെട്ടുകളിലെ ജലത്തിന്റെ ഉപയോഗം കാര്യക്ഷമമാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഓരോ ചീഫ് എഞ്ചിനീയർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ആവശ്യമാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച്

സ്ഥാപിക്കുന്നതാണ്. തദ്ദേശഭരണ/മണ്ണ് സംരക്ഷണ വകുപ്പുകൾ സംയുക്തമായി മഴക്കുഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലഭ്യമായ ജലം സൂക്ഷ്മമായും കൃത്യതയോടുംകൂടി വിനിയോഗിക്കുന്നതിനുള്ള ജനപിന്തുണ അഭ്യർത്ഥിക്കുന്നതോടൊപ്പം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി അതിനായുള്ള ബോധവൽക്കരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നികത്തപ്പെട്ട നെൽവയലുകൾ പുന:സ്ഥാപിക്കാനുള്ള നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുകയാണ്. ജല സംപോഷണത്തിന്റെ സംസ്കാരം വളർത്തിയെടുക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) മുഞ്ഞരോഗ ബാധയും ഇലപ്പുള്ളി രോഗവും

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കുട്ടനാടൻ പാടശേഖരങ്ങളിലെ നെൽകൃഷിയെ ബാധിച്ചിരിക്കുന്ന മുഞ്ഞ, ഇലപ്പുള്ളി രോഗബാധയുടെ വ്യാപനംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി പ്രഖ്യാപിച്ചിരിക്കുന്ന ഹെക്ടർ ഒന്നിന് 30,000 രൂപ അപര്യാപ്തമായ സാഹചര്യത്തിൽ ഏക്കറിന് 35,000 രൂപ മുതൽ 50,000 രൂപ വരെ ധനസഹായം നൽകാനുള്ള നടപടിയുണ്ടാകണം. കരിനില കർഷകർക്കും ഈ സഹായം ലഭ്യമാക്കാനും കൃത്യസമയത്ത് മണ്ണ് പരിശോധന നടത്താനും

കൂടുതൽ ഗുണമേന്മയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നെൽവിത്തുകൾ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് മുഞ്ഞയുടെ ആക്രമണംമൂലം 2430 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയിൽ 250 ഹെക്ടർ കൃഷി പൂർണ്ണമായും 115 ഹെക്ടറിൽ 50 ശതമാനത്തിലധികവും പുറക്കാട് കരിനില മേഖലയിൽ ഇലപ്പുള്ളി രോഗംമൂലം 450 ഹെക്ടർ നെൽകൃഷിയും പൂർണ്ണമായും നശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭ്യമാകുന്ന നഷ്ടപരിഹാരത്തുകയായ 12,500 രൂപയ്ക്കുപുറമേ 17,500 രൂപകൂടി അധികം നൽകി മൊത്തം 30,000 രൂപ നഷ്ടപരിഹാരമായി നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇലപ്പുള്ളി രോഗം ബാധിച്ച സ്ഥലത്തെ നെല്ല് കാലിത്തീറ്റയ്ക്ക് ഉപയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. കൂടുതൽ പ്രതിരോധ ശേഷിയുള്ള വിത്തുൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടനാട് പ്രദേശത്തെ കൃഷിക്കാർ നേരിടുന്ന ഈ പ്രശ്നത്തിന് ആവശ്യമായ സഹായം നൽകുന്നതിനുള്ള സംവിധാനം സർക്കാരും കൃഷി വകുപ്പും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(2) <u>കുടിവെള്ള പദ്ധതികൾ</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: വിതരണ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ട് വെളിയം-ഉമ്മന്നൂർ പഞ്ചായത്തുകളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും മൈലം പഞ്ചായത്തിലെ അന്തമൺ കുടിവെള്ള പദ്ധതിയും മൈലം-തലവൂർ കുടിവെള്ള പദ്ധതിയും അടിയന്തരമായി പൂർത്തിയാക്കാനും നടപടി സ്വീകരീക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): മീനാട്-ജപ്പാൻ കുടിവെള്ള പദ്ധതിയിലൂടെ കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും 93 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലശുദ്ധീകരണശാലയും വിവിധ പഞ്ചായത്തുകളിലായി ജലസംഭരണികളും ട്രാൻസ്മിഷൻ പൈപ്പ്ലൈനുകളും സ്ഥാപിച്ച് ജലവിതരണം നടത്തിവരുന്നു. മൈലം പഞ്ചായത്തിലെ അന്തമൺ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പമ്പ്ഹൗസിന്റെയും വാട്ടർടാങ്കിന്റെയും നിർമ്മാണം, വൈദ്യുതീകരണം, പൈപ്പുകളുടെ കൂട്ടിയോജിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രവർത്തനസജ്ജമാണ്. പൈപ്പ്ലൈനിടുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതോടൊപ്പം വേനൽക്കാലത്ത് കുടിവെള്ള വിതരണം

സുഗമമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ടാങ്കർ ലോറികളിൽ ജലം കിയോസ്കുകളിലെത്തിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) പെരിയാർ വാലി കനാൽ

ശ്രീ. വി. പി. സജീന്ദ്രൻ: ഭൂതത്താൻകെട്ട് ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ നിർത്തിവച്ച് പെരിയാർവാലി കനാലിലെ ജലം തുറന്നുവിട്ട് എറണാകുളം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ലോകബാങ്കിന്റെ സഹായത്തോടെ ഭൂതത്താൻകെട്ട് ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ ഈ വർഷം ആരംഭിച്ചിട്ടുള്ളതിനാൽ കനാലുകളിലൂടെ ജലം സംഭരിച്ചാൽ തുടർപ്രവൃത്തികൾക്ക് തടസ്സമുണ്ടാകുമെന്നതിനാൽ ഡിസംബർ അവസാനം ജലവിതരണം ആരംഭിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ജലക്ഷാമം കണക്കിലെടുത്ത് നവംബർ ആദ്യവാരത്തോടുകൂടി കനാലിൽ വെള്ളം തുറന്നുവിടാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി കരിമ്പുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും ചെങ്ങന്നൂർ

മണ്ഡലത്തിലെ കരിമ്പ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): പാലക്കാട്, മറയൂർ, ഇടുക്കി, ചെങ്ങന്നൂർ പ്രദേശങ്ങളിൽ വ്യാപകമായുണ്ടായിരുന്ന കരിമ്പ് കൃഷി നാശോന്മുഖമാകുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികളിലെല്ലാം കരിമ്പ് കൃഷി ഉൾപ്പെടുത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിലെ കരിമ്പ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും മറയൂർ ശർക്കര മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണിയിലെത്തിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ജിയോഗ്രഫിക് ഇൻഡക്സ് നേടിക്കൊടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട്, പന്തളം, ചെങ്ങന്നൂർ പ്രദേശങ്ങളിലെ കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരിമ്പ് കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ചെങ്ങന്നൂർ മേഖലയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ കരിമ്പ് കൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള ലിങ്ക് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

(5) ജീവനക്കാരുടെ അഭാവം

ശ്രീ. കാരാട്ട് റസാഖ്: കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ നിയമിക്കാനുള്ള നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പുതിയ തസ്തികകൾ സൃഷ്ടിക്കാതെ പുനർവിന്യാസത്തിലൂടെ തസ്തികകൾ നികത്തപ്പെടണമെന്ന വ്യവസ്ഥയോടെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ-1, ഹെഡ് ക്ലാർക്ക്-1, ക്ലാർക്ക്-4, ഒ.എ.-1, ടൈപ്പിസ്റ്റ്-1 എന്ന രീതിയിൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യവേഷൻ എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഒരു നൂൺമീൽ ഓഫീസർ തസ്തിക അനുവദിച്ചിട്ടുണ്ട്. ടി ഓഫീസിൽ ഒരു സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. സബ്ജക്ട് കമ്മിറ്റി I -ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പരിഗണന.

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016-ലെ കേരള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ.

ശ്രീ. എൻ. ഷംസുദ്ദീൻ: 2016-ലെ കേരള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകേതര വൃത്തിയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം അദ്ധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച കരട് ബിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ക്യാബിനറ്റ് നിർദ്ദേശപ്രകാരം സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ വിദ്യാഭ്യാസ വകുപ്പിന്റെ സജീവ പരിഗണനയിലായതിനാൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: ഈ മേഖലയിലെ ജീവനക്കാരോടുള്ള ഗവൺമെന്റ് സമീപനത്തെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നേരിടുന്ന അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിനും വേതനം പുതുക്കി നിശ്ചയിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പെൻഷനടക്കമുള്ള അർഹതപ്പെട്ട മറ്റാനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാർ തയ്യാറാകണം.

മി. സ്പീക്കർ: കേരളത്തിലെ അൺ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുവേണ്ടി നിയമനിർമ്മാണം നടത്താൻ തയ്യാറായ ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നു. അൺ-എയ്ഡഡ് സ്കൂളുകളെ നിരീക്ഷിക്കാനും സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് നടത്തി അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം ലഭ്യമാക്കുന്നതിനും അനാവശ്യമായ പീഡനങ്ങളും പിരിച്ചുവിടലുകളും ഒഴിവാക്കുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നുമുള്ള വ്യവസ്ഥയോടുകൂടിയ ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്.

(ചർച്ച തുടരും)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുക എന്നുള്ളതാണ് ഈ നിയമത്തിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഗവൺമെന്റ് നിർദ്ദേശങ്ങളോ മിനിമം വേജസ് കമ്മിറ്റി നിർദ്ദേശങ്ങളോ കോടതി ഉത്തരവുകളോ പാലിക്കാതെ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്ന നിലയ്ക്കാണ് സമഗ്രമായൊരു നിയമനിർമ്മാണം ആവിഷ്കരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് ഈ വിഷയം പരിഗണനയിൽ വന്നിരുന്നെങ്കിലും

യാതൊരു നടപടിയും കൈക്കൊണ്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ആവശ്യമായ നിയമനിർമ്മാണം നടത്താനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ഈ മേഖലയിലെ അദ്ധ്യാപക- അനദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ബൃഹത്തായ നിയമനിർമ്മാണത്തിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർക്കാരിന്റെ തീരുമാനം തുടക്കത്തിൽ തന്നെ തൊഴിൽ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങളുള്ള മേഖല എന്ന നിലയിൽ ചരിത്രവും വർത്തമാനകാല പ്രശ്നങ്ങളും ഭാവിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ നേരിടേണ്ടി വരുന്ന കാര്യങ്ങളുമെല്ലാം പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ ബില്ലാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: കേരളത്തിലെ അൺ-എയ്ഡഡ് അദ്ധ്യാപക മേഖലയിലെ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും എല്ലാവരും അതിനോട് യോജിക്കുകയും ചെയ്തത് സന്തോഷകരമായ കാര്യമാണ്. ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ

വിഷയത്തിൽ പൊതുസമൂഹത്തിന് അവബോധമുണ്ടാക്കാൻ മാധ്യമങ്ങളും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

## (ii) 2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. അൻവർ സാദത്ത്: 2016-ലെ കേരള സംസ്ഥാന ശുചീകരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സംസ്ഥാനത്ത് നിലവിലുള്ള കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം പ്രകാരം ഒരു ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ച് സജീവമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ശുചീകരണ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതും പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ഈ ബില്ലിന് പ്രസക്തിയില്ല.

ശ്രീ. അൻവർ സാദത്ത്: സംസ്ഥാനത്ത് ശുചീകരണ രംഗത്ത്

ലക്ഷക്കണക്കിന് സ്ത്രീ-പുരുഷന്മാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അവർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ദൈനംദിന ജീവിതച്ചെലവുകളും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് ആരോഗ്യസംരക്ഷണ ചെലവുകളും നടത്തിക്കൊണ്ടുപോകുവാൻ അവർ ബുദ്ധിമുട്ടുകയാണ്. പൗരന്മാർ എന്ന നിലയിൽ അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ഇവർക്ക് ജീവിക്കാൻ അവസരമുണ്ടാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സമൂഹത്തിൽ ഏറ്റവും ദുരിതത്തിൽ കഴിയുന്ന ശുചീകരണ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും സംരക്ഷണവും ഉറപ്പാക്കാൻ സഹായകമായ നിലയിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ ശുചീകരണമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഉൾപ്പെടും. ഈ പദ്ധതി പ്രകാരമുള്ള ബോർഡ് പുനഃസംഘടിപ്പിച്ച് സജീവമാക്കുമ്പോൾ അസംഘടിത വിഭാഗമെന്നുള്ള നിലയിൽ ശുചീകരണത്തൊഴിലാളികൾക്ക് ഉൾപ്പെടെ മതിയായ സംരക്ഷണവും പരിഗണനയും ലഭിക്കുന്നതിനും തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനും സാധിക്കും. അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാവരേയും ലിംഗ വ്യത്യാസമില്ലാതെ

ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സഭ പാസ്സാക്കിയ പദ്ധതി നിലവിലുള്ള സാഹചര്യത്തിൽ ഈ ബില്ല് നിരാകരിക്കുന്നു.

(ചർച്ച തുടരും)

## (iii) 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബിൽ

ശ്രീ. കെ. വി. വിജയദാസ്: 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവനമിഷൻ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ചയ്ക്കാവശ്യമായ ശിപാർശകൾ നൽകുന്നതിന് സംസ്ഥാന പട്ടികജാതി/ പട്ടികഗോത്ര വർഗ്ഗ വികസന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ സംബന്ധമായ സാമ്പത്തിക സഹായം നൽകുന്നതിന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും നിലവിലുള്ള സാഹചര്യത്തിൽ പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല. പുതുതായി

എന്തെങ്കിലും കൂട്ടിച്ചേർക്കണമെങ്കിൽ നിയമത്തിന് ഭേദഗതി കൊണ്ടുവരാവുന്നതും കോർപ്പറേഷന്റെ സ്കീമുകളിൽ മാറ്റം വരുത്താവുന്നതുമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്താനും എസ്.സി./എസ്.ടി. സംവരണ ഒഴിവുകൾ വേഗത്തിൽ നികത്താനും കഴിയുന്ന വിധത്തിലുള്ള ഒരു നിയമനിർമ്മാണം സർക്കാർ ഉദ്ദേശിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: കുടിവെള്ള ക്ഷാമം, സഞ്ചാര യോഗ്യമായ റോഡുകൾ, അംഗൻവാടികൾ, ആരോഗ്യ പരിചരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവയുടെ അഭാവം അഭിമുഖീകരിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങളോടുള്ള അവഗണന ഇപ്പോഴും അസഹനീയമായ രീതിയിൽ തുടരുകയാണ്. കഴിഞ്ഞ തവണ ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി പട്ടികവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിച്ചത്. സാമൂഹ്യ സാമ്പത്തിക വികസന മേഖലകളിൽ ഈ വിഭാഗം ഒഴിവാക്കലുകൾക്കും ഒഴിപ്പിക്കലുകൾക്കും വിധേയരാകുന്നുണ്ട്. അർഹമായ അംഗീകാരം അവർക്ക് ലഭിക്കുന്നില്ല. വികസന പ്രവർത്തനങ്ങളുടെ പേരിൽ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്ന അവസ്ഥ തുടരുകയാണ്. അവരുടെയിടയിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ധാരാളമുണ്ടെങ്കിലും ജോലിയിൽ പ്രവേശിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. അവർക്ക് എങ്ങനെ തൊഴിൽ

ലഭ്യമാക്കാം എന്നതാണ് ഉപജീവനമിഷന്റെ രൂപീകരണംകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും ഇതുസംബന്ധിച്ച ഡാറ്റാബാങ്ക് തുടങ്ങാനും കെ.പി.എസ്.സി., യു.പി.എസ്.സി., പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും അപേക്ഷ ക്ഷണിക്കുമ്പോൾ അതിൽനിന്നും അർഹരായവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കാനും പരിശീലനം നൽകാനും കൃത്യസമയത്ത് പരീക്ഷയെഴുതിക്കാനും തൊഴിൽപ്രവേശനം സാധ്യമാക്കാനും നിയമനോത്തരവ് കിട്ടിയിട്ടും ജോലിയിൽ പ്രവേശിക്കാത്ത അവസ്ഥ ഒഴിവാക്കിയെടുക്കാനും ഈ മിഷൻ മുൻകയ്യെടുക്കണം. ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോധപൂർവ്വമായ ഇടപെടലുകൾ നടത്തണം.

(ചർച്ച - തുടരും)

## (iv) 2016-ലെ നല്ല ശമരിയക്കാരൻ ബിൽ

ശ്രീ. ഹൈബി ഈഡൻ: 2016-ലെ നല്ല ശമരിയക്കാരൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ

വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ബഹു. സുപ്രീം കോടതിയുടെ 29.10.2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നല്ല ശമരിയക്കാരന്റെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയം പാർലമെന്റിൽ യുക്തമായ നിയമം കൊണ്ടുവരുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2016-ൽ ലോക്സഭയിൽ കൊണ്ടുവന്നിട്ടുള്ള മോട്ടോർ വാഹന ഭേദഗതി ബില്ലിൽ ഇതിനായി 134(എ) എന്ന വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഡി.എച്ച്.എസ്.ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളും കർശനമായി പാലിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ബില്ലിന്റെ അവതരണാനുമതി നിരാകരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: റോഡ് അപകടങ്ങളിൽപ്പെടുന്ന ആളുകളെ സഹായിക്കാൻ മുന്നോട്ടുവരുന്നവരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ളതാണ് ഈ ബിൽ. കോടതികളും പോലീസ് സ്റ്റേഷനുകളും കയറിയിറങ്ങേണ്ട സാഹചര്യമുള്ളതുകൊണ്ടാണ് റോഡ് അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ ആളുകൾ വിസമ്മതിക്കുന്നത്. റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനായി സർക്കാർ/സ്വകാര്യ

ആശുപത്രികളിൽ ആവശ്യമായ ചികിത്സാ സഹായം നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണമെന്നുള്ളതാണ് പ്രധാനമായും ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : ഇതുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുള്ളതിനാൽ ഈ ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

## (v) 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ

ശ്രീ. ആർ. രാജേഷ്: 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഈ ബിൽ വളരെ കൃത്യമായി തയ്യാറാക്കിയതാണ്. സംസ്ഥാനത്തെ ഓരോ കുടുംബത്തിനും ദിനംപ്രതി ചുരുങ്ങിയത് 1000 ലിറ്റർ ശുദ്ധജലം ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ് എന്ന വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ ജലലഭ്യതവച്ച് ആ

തീരുമാനത്തിലെത്താൻ കഴിയില്ല. ജല ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കാൻ ജലസാക്ഷരത വളർത്തുകയും ജലം ധാരാളിത്തം കാണിക്കാൻവേണ്ടിയുള്ള വസ്തുവല്ലെന്ന തിരിച്ചറിവുണ്ടാക്കുകയും ചെയ്യണം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് ജലമലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുക, ജലസ്രോതസ്സുകൾ മലിനമാക്കാതെ സൂക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കാൻ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തി ശിക്ഷാനടപടികൾ കർക്കശമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സംസ്ഥാനത്തെ ശുദ്ധജല സ്രോതസ്സുകൾ അനിയന്ത്രിതമായി മലിനീകരിക്കപ്പെടുകയും ജലജന്യ സാംക്രമിക രോഗങ്ങൾ പടരുകയും കുടിവെള്ളക്ഷാമം രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഓരോ പൗരനും നിത്യോപയോഗത്തിനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുംവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. നിയമങ്ങളൊക്കെ നിലനിൽക്കുമ്പോഴും ശുദ്ധജലം ആവശ്യാനുസൃതം ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനുമായി ഒരു 'ശുദ്ധജല സംരക്ഷണ

കർമ്മസേന' തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിനും ഭൂഗർഭ ജലസ്രോതസ് താഴ്ന്നുപോകാതെ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം. ശുദ്ധജലം ലഭ്യമാക്കുക എന്നുള്ള അവകാശം സംരക്ഷിക്കുന്നതോടൊപ്പം ജലനിർഗ്ഗമന മാർഗ്ഗങ്ങളും സംരക്ഷിക്കപ്പെടണം. മാനവശേഷിയുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് ജലം അത്യാവശ്യ ഘടകമാണ്. പ്രകൃതിയെ ചൂഷണവിധേയമാക്കാതെ ജലസാന്നിദ്ധ്യം നിലനിർത്തുന്നതിന് പ്രകൃതിക്ക് ഇണങ്ങിയ തരത്തിലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കണം. ജൈവപരമായ എല്ലാ പ്രക്രിയകൾക്കും ജലം ആവശ്യമാണ്. പക്ഷേ സാർവ്വത്രികമായ ജലം ഉപയോഗിക്കാൻ കഴിയുന്നില്ല. ഈ ബിൽ അംഗീകരിക്കണം.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

* * * * * * * * * *